കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുന്നു.

സർ, പാളയം സ്കീമിനെ സംബന്ധിച്ചിടത്തോളം വളരെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വേൾഡ് റിനൗൺഡ് ആർക്കിടെക്ട് ചാൾസ് കൊറിയാവിന്റെ നേരിട്ടുള്ള സ്കെച്ചും പ്ലാനുമാണ്. അവിടെ താമസിക്കുന്ന ആളുകളുടേയും കച്ചവടക്കാരുടേയും സഹകരണത്തോടുകൂടി പാളയം സ്കീം നടപ്പിലാക്കിയെടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പാളയം മാർക്കറ്റിനെ സംബന്ധിച്ചിടത്തോളം അതിനുവേണ്ടി പ്രത്യേകം സ്ഥലം മാറ്റിവച്ചിട്ടുണ്ട്. ചപ്പും ചവറും മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇനി വളരെ പ്രധാനപ്പെട്ട കാര്യം ചപ്പുചവറിന്റെ കാര്യമാണ്. മണക്കാട്, വള്ളക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ചപ്പുചവറ് അതായത് എയർപോർട്ടിനോട് അടുത്തുകിടക്കുന്ന ചപ്പുചവറ് ഡിപ്പോ അവിടെ നിന്നും മാറ്റണമെന്ന് കേന്ദ്രഗവൺമെന്റിൽ നിന്നു സമ്മർദ്ദം ചെലുത്തിയ സ്ഥിതിക്ക് അത് മാറ്റണം. വിമാനത്തിൽ പക്ഷികൾ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അത് മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ വേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കി. അത് മറ്റൊരു സ്ഥലത്തേക്ക് മാറ്റിയിട്ടുണ്ട്. അവിടേയും ശക്തമായ എതിർപ്പുകൾ ഉണ്ട്. ആ എതിർപ്പുകൾ കൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കടകംപള്ളി വില്ലേജിൽ 3 ഏക്കർ സ്ഥലമാണ് ചപ്പുചവറ് ഇടാൻ മാറ്റിവച്ചിരിക്കുന്നത്. ആ സ്ഥലം അക്വയർ ചെയ്തു. ആ സ്ഥലത്തുതന്നെ ഡിപ്പോ സ്ഥിരമായിട്ട് തുടങ്ങാം. ചവറ് ഡിപ്പോ മാറ്റിക്കഴിഞ്ഞാൽ മെക്കാനിക്കൽ കംപോസ്റ്റ് പ്ലാന്റ് അവിടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതോടുകൂടി ഇതിന്റെ ബുദ്ധിമുട്ട് തീരുമെന്നുള്ളത് വളരെ വ്യക്തമാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, 15 വർഷത്തിന് മുൻപ് ഉണ്ടാക്കിയ മാസ്റ്റർപ്ലാൻ നടപ്പിൽ വരുത്തുന്നതിന് അകാരിസ്ഥിനെ ബുദ്ധിമുട്ടുണ്ടെന്നോണ് പറഞ്ഞത്. കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും തിരുവനന്തപുരത്തെ പൊതുപ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും ഒരുമിച്ചുചേർന്ന് ഇക്കാര്യത്തിൽ ഗവൺമെന്റിനെ സഹായിക്കാമെന്നുള്ള നിലപാട് എടുത്താൽ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. സി.എം. സുന്ദരം: അതിന് യാതൊരു സംശയവുമില്ല.

III. സബ്മിഷൻ

(1) തേവള്ളിപ്പാലത്തിന്റെ ദുഃസ്ഥിതി

ശ്രീ. തോപ്പിൽ രവി: സർ, തേവള്ളിപ്പാലത്തിന്റെ ദുഃസ്ഥിതിയെ സംബന്ധിച്ച് ഇതിന് മുൻപും ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ അഞ്ച് പഞ്ചായത്തുകളെ കൊല്ലം നഗരവുമായി ബന്ധിപ്പിക്കുന്ന പ്രവേശനമാർഗ്ഗമാണ് തേവള്ളി പാലം. ഓരോ തവണയും ഇതിനെപ്പറ്റി പറയുമ്പോഴും ഇനി ഇതിനെപ്പറ്റി പറയാൻ ഇടവരരുതെ, എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് പറയുന്നത്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികളൊക്കെ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

ഈ പാലത്തിന്റെ പണി ഒരുദിവസം പോലും വൈകാതെ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ. ഈ അവസരം വിനിയോഗിക്കുകയാണ്. ആളുകളെ വാഹനങ്ങളിൽ കൊണ്ടുപോകാത്തതുകൊണ്ട് യാത്രക്കാർ അങ്ങോട്ടുമിങ്ങോട്ടുമോടുന്ന രംഗം കാണുന്നത് വളരെ വേദനാകരമായിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഒരുദിവസം പോലും വൈകാതെ ആ പാലത്തിന്റെ കേടുപാടുകളും തീർക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇതിനു മുൻപും ഇത് ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയതാണ്. അന്ന് ഇതിനെ സംബന്ധിച്ചുള്ള വിശദമായ വിവരം ഞാൻ പറഞ്ഞു. സാങ്കേതികമായ കാര്യങ്ങൾ പരിശോധിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. അവരുടെ പരിശോധന കഴിഞ്ഞു. ഇപ്പോൾ അവർ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ ഡിസൈൻ കിട്ടി കഴിഞ്ഞാൽ എസ്റ്റിമേറ്റ് ഉണ്ടാക്കി അനന്തര നടപടികളുമായി മുന്നോട്ടുപോകും.

(2) കുമ്പളം ദ്വീപിലെ റോഡു നന്നാക്കൽ

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുമ്പളം പഞ്ചായത്തിലെ ഒരു പ്രധാനമായ ദ്വീപാണ് കുമ്പളം. ആ പഞ്ചായത്തിന്റെ പകുതിയോളം ഭാഗം ആ ദ്വീപിൽ പെട്ടതാണ്. ഇതുവരെ അവിടെയുള്ളവർക്ക് വാഹനഗതാഗതത്തിനുള്ള സൗകര്യമുണ്ടായിരുന്നില്ല. കൊച്ചി രാജാവിന്റെ കാലത്തുണ്ടാക്കിയ ഒരു പി.ഡബ്ലിയു.ഡി. റോഡ് മാത്രമാണ് അവിടെ റോഡായിട്ടുള്ളത്. ഇപ്പോൾ കൊച്ചിൻ ബൈപ്പാസിന്റെ പണി പുരോഗമിച്ച്, കുമ്പളം വരെയുള്ള പണി തീർന്ന സാഹചര്യത്തിൽ അവിടേക്ക് വാഹനങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. രോഗികളെ കൊണ്ടുപോകുവാനും മറ്റ് അത്യാവശ്യകാര്യങ്ങൾക്കും വാഹനങ്ങൾ അവിടെ വരുന്നുണ്ട്. വെള്ളപ്പൊക്കത്തിന്റെയും മഴയുടെയും ഫലമായും പണ്ട് ഉണ്ടാക്കിയ റോഡിന്റെ പണി പിന്നെ നടത്താതിരുന്നതുകൊണ്ടും ആകെ താറുമാറായി കിടക്കുകയാണ്. 'അത്തിപ്പഴം പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്' എന്നു പറഞ്ഞതുപോലെ വാഹനം എത്താറായപ്പോൾ ഉണ്ടായിരുന്ന റോഡ് താറുമാറായി. അതുവഴി ഒരു സൈക്കിളിനുപോലും പോകുവാൻ കഴിയുകയില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ഈ അവസ്ഥ പരിഗണിച്ച് അടിയന്തിരമായി വെള്ളപ്പൊക്കത്തിന്റെ പരിധിയിൽ പെടുത്തി ആ റോഡ് നന്നാക്കിതരണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, അദ്ദേഹം പറഞ്ഞതുപോലെ സാമ്പത്തികമായി ഭദ്രതയുള്ള കാലത്തൊന്നും ഈ റോഡ് നന്നാക്കണമെന്ന് ആവശ്യപ്പെട്ടില്ല. വളരെ ബുദ്ധിമുട്ടുള്ള കാലത്താണ് അദ്ദേഹം ആദ്യമായി ആവശ്യപ്പെടുന്നത്. എത്രയാലും അത്യാവശ്യമായ പരിഷ്കാരങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സമഗ്രമായ പരിശോധനയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly